15 വർഷം സംരക്ഷിക്കുന്നതിന് ബി.ഒ.റ്റി. ആനിറ്റി വ്യവസ്ഥയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനിക്കാണ് റോഡ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്.

തൊടുപുഴ വെങ്ങല്ലൂർ-മങ്ങാട്ടുകവല ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം

238 (1966) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ അസംബ്ലി മണ്ഡലത്തിലെ വെങ്ങല്ലൂർ-മങ്ങാട്ടുകവല ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ ;

(ബി) ഇനി എത്രപേർക്കുകൂടി നഷ്ടപരിഹാരം നൽകാനുണ്ട് ; ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി ;

(സി) എന്നത്തേക്ക് മുഴുവൻ തുകയും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്. 12 പേർക്ക് മൊത്തം 1,81,27,810 രൂപ നൽകിയിട്ടുണ്ട്. 18 പേർക്ക് 50% തുകയായ 1,02,65,214 രൂപ നൽകിയിട്ടുണ്ട്.

(ബി&സി) ഇനി 51 പേർക്ക് നഷ്ട പരിഹാരം നൽകുവാനുണ്ട്. ആയതിന് 18,57,98,868 രൂപ ചേർത്ത് മൊത്തം 29 കോടി രൂപ ആവശ്യമുണ്ട്. ഇതു സംബന്ധിച്ച ശിപാർശ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ധനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ എൻ. എച്ച്. ബൈപ്പാസ്

239 (1967) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡുനിർമ്മാണത്തെ ഒരു പ്രത്യേക പാക്കേജായി പരിഗണിച്ചുതരുന്നതിനുവേണ്ടി സർവ്വകക്ഷിസംഘം കേന്ദ്ര ഗവൺമെന്റിനു മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ സർക്കാർ അംഗീകരിച്ച പാക്കേജ് ഈ നിർദ്ദേശത്തെത്തുടർന്നുള്ളതാണോ ;

(സി) ഇതു സംബന്ധിച്ച നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly